## <u>വിവരണാത്മക പരീക്ഷ (ചോദ്യ-ഉത്തര പുസ്തകം- QCAB) എഴുതുന്ന ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ.</u>

**1.ചോദ്യ-ഉത്തര പുസ്തകം- Question Cum Answer Booklet QCAB ഇലക്ട്രോണിക് മാർഗങ്ങളിലൂടെയാണ് പ്രോസസ്സ് ചെയ്യുന്നത്. ഉത്തരക്കടലാസുകൾ അസാധുവാകുന്നത് ഒഴിവാക്കാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.**

a) ചോദ്യ-ഉത്തര പുസ്തകം- Question Cum Answer Booklet QCAB ക്ക് രണ്ട് ഭാഗങ്ങളുണ്ട്: ഭാഗം I - OMR ഷീറ്റ്, ഭാഗം II - ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ, ചോദ്യോത്തര ഭാഗം.

b) റോൾ നമ്പർ / അഡ്മിഷൻ ടിക്കറ്റ് നമ്പർ, പരീക്ഷയുടെ പേര്, പരീക്ഷാ തീയതി, ജനനത്തീയതി എന്നിവ മാത്രം അഭിമുഖ ഷീറ്റിൽ, അതായത് ഉത്തരക്കടലാസിലെ ഭാഗം I-ൽ രേഖപ്പെടുത്തുകയും അനുബന്ധ കുമിളകൾ ശരിയായി കറുപ്പിക്കുകയും വേണം. അഡ്മിഷൻ ടിക്കറ്റ് നമ്പറിന് / റോൾ നമ്പറിന് മുൻപിലുള്ള ഇംഗ്ലീഷ് ആൽഫബെറ്റ് ഇതിനായി നൽകിയിരിക്കുന്ന പ്രത്യേക ബോക്സിൽ എഴുതണം.

c) റോൾ നമ്പർ ശരിയായി എഴുതിയിട്ടുണ്ടെന്നും ബബിൾ ചെയ്തിട്ടുണ്ടെന്നും ഉറപ്പാക്കുക, ഒരു തിരുത്തലും അനുവദനീയമല്ല.

d) ചോദ്യോത്തര പുസ്തകത്തിന്റെ ഒന്നാം ഭാഗത്തിലും രണ്ടാം ഭാഗത്തിലും നീല/കറുപ്പ് മഷിയുള്ള ബോൾ പോയിന്റ് പേന മാത്രമേ ഉദ്യോഗാർത്ഥികൾ ഉപയോഗിക്കാവൂ. മറ്റ് നിറങ്ങളൊന്നും അനുവദനീയമല്ല. ഫൗണ്ടൻ പേന, ജെൽ പേന, സ്കെച്ച് പേന അല്ലെങ്കിൽ പെൻസിൽ എന്നിവ ഉപയോഗിച്ച് അടയാളപ്പെടുത്തൽ/എഴുതൽ അനുവദനീയമല്ല. ടി നിർദ്ദേശത്തിന്റെ ലംഘനം ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതിന് കാരണമാകും.

e) ഉദ്യോഗാർത്ഥികൾ അവരുടെ അഡ്മിഷൻ ടിക്കറ്റ് നമ്പറോ തങ്ങളുടെ ഐഡന്റിറ്റി വെളിപ്പെടുത്തുന്ന മറ്റെന്തെങ്കിലുമോ ഉത്തരക്കടലാസിലെ മറ്റേതെങ്കിലും ഭാഗത്ത്, അതായത് രണ്ടാം ഭാഗത്തിൽ (Part II), എഴുതുന്നത് നിരോധിച്ചിരിക്കുന്നു.

f) അഡ്മിഷൻ ടിക്കറ്റ് നമ്പർ രേഖപ്പെടുത്താത്തതും അഡ്മിഷൻ ടിക്കറ്റ് നമ്പർ വ്യക്തമായും കൃത്യമായും രേഖപ്പെടുത്താത്തതും അല്ലെങ്കിൽ ഭാഗം I-ൽ അനുബന്ധ ബബിളുകൾ കറുപ്പിക്കാത്തതുമായ അല്ലെങ്കിൽ ചോദ്യോത്തര പുസ്തകത്തിന്റെ ഭാഗം II-ൽ അഡ്മിഷൻ ടിക്കറ്റ് നമ്പർ എഴുതുന്നതോ ആയ ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസ് അസാധുവാക്കുന്നതാണ്.

g) ചോദ്യ-ഉത്തര പുസ്തകം- Question Cum Answer Booklet QCAB ൽ നൽകിയിരിക്കുന്ന നിർദ്ദിഷ്ട പേജിൽ മാത്രമേ റഫ് വർക്ക് ചെയ്യാൻ പാടുള്ളൂ.

h)ഓരോ ചോദ്യത്തിനും ഉത്തരം എഴുതാൻ നൽകിയിരിക്കുന്ന സ്ഥലത്തിന് പുറത്ത് ഒന്നും ഒന്നും എഴുതാൻ പാടില്ല . വരികളിൽ മാത്രം എഴുതുക.

i) OMR ഷീറ്റിലെയും തുടർന്നുള്ള പേജുകളിലെയും ബാർകോഡിൽ കൃത്രിമം കാണിക്കരുത്. ബാർകോഡിൽ കൃത്രിമം കാണിക്കുന്നത് ചോദ്യോത്തര പുസ്തകം അസാധുവാക്കുന്നതിന് കാരണമാകും.

j) പരീക്ഷാ ഹാൾ വിട്ടുപോകുന്നതിന് മുമ്പ് ഉദ്യോഗാർത്ഥികൾ ചോദ്യോത്തര പുസ്തകം ഇൻവിജിലേറ്റർക്ക് കൈമാറണം.

**2. മേൽ നിർദ്ദേശങ്ങളിൽ ഏതെങ്കിലും ലംഘിക്കുന്ന ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസുകൾ അസാധുവാകുന്നതാണ്.**

**3. വിവരണാത്മക പരീക്ഷകൾ ഒന്നിലധികം പേപ്പറുകളിലായി നടത്തുന്ന സാഹചര്യങ്ങളിൽ ഒരു ഉദ്യോഗാർത്ഥി ആ പരീക്ഷയുടെ എല്ലാ പേപ്പറുകളിലും ഹാജരാകാത്ത പക്ഷം ടിയാളുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതാണ്.**